സഹകരണവും തുറമുഖവും വകുപ്പുമന്ത്രി (ശ്രീ. എം. വി. രാഘവൻ):

(എ) പ്രാഥമിക കാർഷിക വായ്പാ സഹകരണ സംഘങ്ങളുടെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിന്റെ ഭാഗമായി

1. കുടിശ്ശിക പിരിച്ചെടുക്കാൻ ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി നടപ്പിലാക്കി.

2. വായ്പ എടുക്കുന്ന അവസരത്തിൽ വായ്പകൾക്കുള്ള ഓഹരി അനുപാതം ഒരുശതമാനമായി കുറച്ചു.

3. 13-3-1995-ലെ ഉത്തരവു പ്രകാരം പ്രവർത്തനം നിലച്ച സഹകരണ സംഘങ്ങൾക്ക് പുനരുദ്ധാരണം/വാണിജ്യ വൈവിദ്ധ്യവൽക്കരണ പദ്ധതിയിൽ ഉൾപ്പെടുത്തി ധനസഹായം നൽകുന്നു.

4. പ്രാഥമിക കാർഷിക സഹകരണ സംഘങ്ങൾക്ക് സർക്കാരിൽ നിന്നുള്ള ഓഹരി മൂലധനമായി 2 ലക്ഷം രൂപ വീതം അനുവദിച്ചുവരുന്നു.

5. വരൾച്ച ദുരിതാശ്വാസത്തിന്റെ ഭാഗമായി വായ്പകളുടെ തിരിച്ചടവ് കാലാവധി ദീർഘിപ്പിച്ചുനൽകി.

6. കാർഷിക കടാശ്വാസ പദ്ധതിപ്രകാരം ആറുമാസത്തെ കാർഷിക കടങ്ങൾക്കുള്ള പലിശയായി 13.99കോടി രൂപ അനുവദിച്ചു. ഇതിന്റെ തുടർച്ചയായി 23-1-2004 മുതൽ ഒരു കൊല്ലത്തെ പലിശ റീ ഇംബേഴ്സ് ചെയ്തു കൊടുക്കാൻ ഉത്തരവായി.

7. ഗഹാൻ നിയമം പാസ്സാക്കി നടപ്പിൽ വരുത്താൻ നടപടി സ്വീകരിച്ചു. അതുവഴി വായ്പക്കാർക്ക് 4% രജിസ്ട്രേഷൻ/മുദ്രപത്ര ഫീസ് ഇളവ് ലഭ്യമാക്കി.

(ബി) വായ്പാ സംഘങ്ങളുടെ പ്രവർത്തനം വിലയിരുത്തുവാൻ താലൂക്കുതല അവലോകന യോഗങ്ങൾ ആകസ്മിക പരിശോധന, വിശദ പരിശോധന, ധനസഹായ ബില്ലിന്റെ പരിശോധന എന്നിവ നടത്തുന്നുണ്ട്.

(സി) സംയോജിത സഹകരണ വികസന പദ്ധതി പ്രകാരം വിവിധ തരത്തിലുള്ള സാമ്പത്തിക സഹായങ്ങൾ നൽകി വരുന്നു.

(ഡി) 912 പ്രാഥമിക കാർഷിക വായ്പാ സഹകരണ സംഘങ്ങൾ നഷ്ടത്തിൽ പ്രവർത്തിച്ചുവരുന്നു.

കെ. എസ്. ആർ. ടി. സി.-യുടെ കടം

*9 [239] ശ്രീ. യു. സി. രാമൻ:
,, സി. മമ്മൂട്ടി:
,, പി. കെ. അബ്ദുറബ്ബ്:
,, ഇ. ടി. മുഹമ്മദ് ബഷീർ:
,, ഇസ്ഹാക്ക് കുരിക്കൾ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ;

(എ) ഈ ഗവൺമെന്റ് അധികാരത്തിൽ വരുമ്പോൾ കെ.എസ്.ആർ.ടി.സി.-യുടെ കടം എത്രയായിരുന്നു;

LIBRARY ARCHIVES Kerala Legislative Assembly

(ബി) ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം എന്തു തുക കടം തീർക്കുന്നതിന് നൽകിയിട്ടുണ്ട്;

(സി) ഇനിയുള്ള കടം എത്രയെന്ന് വ്യക്തമാക്കുമോ?

ഗതാഗത വകുപ്പുമന്ത്രി (ശ്രീ. ആർ. ബാലകൃഷ്ണപിള്ള):

(എ) 31-3-2001-ൽ അവസാനിച്ച സാമ്പത്തിക വർഷത്തിലെ കണക്കുകൾ പ്രകാരം കെ.എസ്.ആർ.ടി.സി.-യുടെ കടം 201.66 കോടി രൂപയാണ്.

(ബി) കടം തീർക്കുന്നതിന് തുക ഒന്നും തന്നെ നൽകിയിട്ടില്ല.

(സി) 2003-2004-ലെ താൽക്കാലിക കണക്കനുസരിച്ച് ഇനി 317.29 കോടി രൂപയുടെ കടം ഉണ്ട്.

സ്വകാര്യമേഖലയിൽ കൊണ്ടുവരാൻ ഉദ്ദേശിക്കുന്ന പൊതുമേഖലാ സ്ഥാപനങ്ങൾ

*10 [240] ശ്രീ. എ. പി. അനിൽ കുമാർ:
,, കെ. സി. ജോസഫ്:
ശ്രീമതി രാധാരാഘവൻ:
ശ്രീ. കെ. എ. ചന്ദ്രൻ:
ശ്രീമതി മാലേത്ത് സരളാദേവി: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ;

(എ) വ്യവസായ വകുപ്പിന്റെ കീഴിലുള്ള ഏതെങ്കിലും പൊതുമേഖലാ സ്ഥാപനം സ്വകാര്യമേഖലയിൽ കൊണ്ടുവരാൻ ഉദ്ദേശമുണ്ടോ;

(ബി) എങ്കിൽ അവ ഏതെല്ലാമെന്ന് വ്യക്തമാക്കുമോ;

(സി) തുടർച്ചയായി നഷ്ടത്തിൽ പ്രവർത്തിക്കുന്ന പൊതുമേഖലാ സ്ഥാപനങ്ങൾ അടച്ചുപൂട്ടുവാൻ ഉദ്ദേശമുണ്ടോ?

വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി (ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി):

(എ ആന്റ് ബി) ലാഭത്തിൽ നടത്താൻ കഴിയാത്തതും മുന്നോട്ടുകൊണ്ടു പോകുന്നതിനായി ഗണ്യമായ തുക വേണ്ടിവരുന്നതുമായ ആസ്ട്രാൾ വാച്ചസ്, കെൽട്രോൺ കൗണ്ടേഴ്സ്, കേരളാ സ്റ്റേറ്റ് ഡിറ്റർജന്റ് ആന്റ് കെമിക്കൽസ്, കേരളാ സ്റ്റേറ്റ് സാലിസിലേറ്റ്സ് ആന്റ് കെമിക്കൽസ്, ട്രാവൻകൂർ പ്ലൈവുഡ് ഇൻഡസ്ട്രീസ്, ഓട്ടോകാസ്റ്റ്, കെൽട്രോൺ കംപോണന്റ് കോംപ്ലക്സ്, സ്റ്റീൽ കോംപ്ലക്സ്, കേരളാ ഗാർമെന്റ്സ്, ഫോറസ്റ്റ് ഇൻഡസ്ട്രീസ് ട്രാവൻകൂർ ലിമിറ്റഡ് എന്നിവയിൽ സ്വകാര്യ നിക്ഷേപം ആശ്രയിക്കാനായി തീരുമാനിച്ചിട്ടുണ്ട്. ഇതിനു പുറമേ ട്രാൻസ്ഫോർമേഴ്സ് ആന്റ് ഇലക്ട്രിക്കൽസ് കേരള ലിമിറ്റഡിലെ (ടെൽക്ക്) 46% ഓഹരികൾ റീസ്ട്രക്ചറിംഗിന്റെ ഭാഗമായി Strategic partner-ന് കൈമാറാനും തീരുമാനിച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly